(സി) കേരള പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനായി 25-8-2014 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 169/14/ആഭ്യന്തരം പ്രകാരം നേരിട്ടുള്ള നിയമനത്തിനായി 60 വനിതാ സബ്ഇൻസ്പെക്ടർമാരുടെയും 250 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, 485 തസ്തികകളിൽ വനിതാ പോലീസ് കോൺസ്റ്റബിൾ ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമന ശുപാർശ പി.എസ്.സി.-യിൽനിന്നും ലഭിച്ചിട്ടുള്ളവർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. പുതുതായി 6 വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. നിലവിൽ 8 വനിതാ പോലീസ് സ്റ്റേഷനുകളുടെ ചുമതല വനിതാ സബ്ഇൻസ്പെക്ടർമാർക്കാണ്.

ബാലസാന്ത്വനം പദ്ധതി

8 (*158) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി വകുപ്പിന് കീഴിൽ ക്യാൻസർ രോഗികളായ കുട്ടികൾക്ക് ബാലസാന്ത്വനം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സർക്കാർ G.O. (P) No. 575/14/Fin dated 23-12-2014 ഉത്തരവ് പ്രകാരം, അർബുദ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ സന്നദ്ധരായ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഒരു നിശ്ചിത തുക സ്വീകരിക്കുന്നതിന് ബാലസാന്ത്വനം 2014 എന്ന പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം കൊടുത്തിട്ടുണ്ട്.

(ബി) ജീവനക്കാരുടെ ശമ്പളത്തിൽനിന്നും കുറവ് ചെയ്യുന്ന തുക 8658-00-102-Suspense Accounts (Civil)-96-32 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് സ്വരൂപിക്കുന്നത്. ഇപ്രകാരം സ്വരൂപിക്കുന്ന തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള special TSB A/c. 104-ൽ ക്രഡിറ്റ് ചെയ്യുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി നടപ്പിലാക്കാനായി എല്ലാ വകപ്പ് മേധാവികൾക്കും ഉത്തരവിന്റെ കോപ്പികൾ അയച്ചുകൊടുക്കുകയും സർക്കാർ വെബ്സൈറ്റുകളായ www.kerala.gov.in, www.finance.kerala.gov.in-ൽ ഉത്തരവ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സന്നദ്ധരായ ജീവനക്കാരുടെ സമ്മതപത്രം വകപ്പുതലവൻമാർ സ്വീകരിച്ച് ആയതിൻപ്രകാരം അവരുടെ ശമ്പളത്തിൽനിന്നുള്ള വിഹിതം ട്രഷറി മുഖേന പ്രസ്തുത പദ്ധതിയിലേയ്ക്ക് സമാഹരിച്ചുകൊണ്ടിരിക്കുന്നു. അക്കൗണ്ടിൽ സ്വരൂപിക്കുന്ന തുക ക്യാൻസർ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി തിരുവനന്തപുരം ആർ.സി.സി. മേധാവിയുടെ ശിപാർശ/ അഭ്യർത്ഥന പ്രകാരം നേരിട്ട് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതാണ്. സമാഹരിച്ച തുക ടി പദ്ധതി പ്രകാരം വിനിയോഗിക്കാനായി അർഹതപ്പെട്ടവരുടെ പട്ടിക എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ ആർ.സി.സി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പി.എസ്.സി.-യുടെ സാമ്പത്തിക പ്രതിസന്ധിയുടെ കാരണങ്ങൾ

9 (*159) ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. എ. ബേബി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യാനിദാന ചെലവുകൾക്കുള്ള ബില്ലുകളടക്കം ധനവകുപ്പ് തടഞ്ഞതാണ് പി.എസ്.സി.-യുടെ സാമ്പത്തിക പ്രതിസന്ധിയ്ക്ക് കാരണമായിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബില്ലുകൾ ട്രഷറിയിൽനിന്നും നിയന്ത്രിച്ചുകൊണ്ട് ധനവകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് ലഭ്യമാക്കുമോ ;

(സി) പരീക്ഷ, ഇന്റർവ്യൂ, പ്രായോഗിക പരീക്ഷ തുടങ്ങിയവ നടത്തുന്നതിനുള്ള തുക യഥാസമയം പി.എസ്.സി.-യ്ക്ക് ലഭ്യമാക്കാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ഡി) പി.എസ്.സി.-യ്ക്ക് ആവശ്യമായ പണം സ്വയം കണ്ടെത്തുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷാഫീസ് ഈടാക്കാൻ പി.എസ്. സി.-യ്ക്ക് അനുവാദം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly